പതിമൂന്നാം കേരള നിയമസഭ - ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:154 04/02/2013 - ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി ഗീതാ ഗോപി: | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) തീരദേശങ്ങളിലെ മത്സ്യത്തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിശദീകരിക്കാമോ; | (എ) തീരദേശങ്ങളിലെ മത്സ്യത്തൊഴിലാളികൾക്ക് ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധി ഫണ്ട് ഉപയോഗിച്ചും മാതൃക മത്സ്യഗ്രാമ പദ്ധതി പ്രകാരവും ഭവന നിർമ്മാണത്തിന് ധനസഹായം നൽകി വരുന്നുണ്ട്. ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധി ഭവന നിർമ്മാണ പദ്ധതിക്കായി 2012-13-ൽ 375 വീടുകൾ നിർമ്മിക്കുന്നതിലേക്കായി 1338.75 ലക്ഷം രൂപ തീരദേശ ജില്ലകൾക്കായി അനുവദിച്ചു നൽകിയിരുന്നു. വീടിന്റെ പണികൾ പുരോഗമിച്ചു വരുന്നു. ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധി ഉപയോഗിച്ചുള്ള ഭവന നിർമ്മാണത്തിന് വീടൊന്നിന് 2 ലക്ഷം രൂപയും മാതൃക മത്സ്യഗ്രാമ പദ്ധതി പ്രകാരം വീടൊന്നിന് 2,50,000 രൂപ വീതവും അനുവദിച്ചിരിക്കുന്നു.<br><br>13-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം 2011-15 കാലയളവിലേയ്ക്ക് സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 11 തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലെ 32 മത്സ്യഗ്രാമങ്ങളെ സമഗ്ര വികസനത്തിലൂടെ മാതൃകാ മത്സ്യഗ്രാമങ്ങളായി വികസിപ്പിക്കുന്നതിനായി 160 കോടി രൂപ ധനസഹായമായി പ്രഖ്യാപിച്ചിട്ടുണ്ട്. സംസ്ഥാനത്ത് 9 തീരദേശ ജില്ലകളിൽ താഴെപ്പറയുന്ന മത്സ്യഗ്രാമങ്ങളിലാണ് |

മാതൃകാ മത്സ്യഗ്രാമം പദ്ധതി നടപ്പിലാക്കി വരുന്നത്.

| ജില്ലയുടെ പേര് | മത്സ്യഗ്രാമം | മത്സ്യഗ്രാമത്തിൽ ഉൾപ്പെട്ട പ്രദേശങ്ങൾ |
|---|---|---|
| തിരുവനന്തപുരം | വലിയതുറ | വലിയതുറ |
| | | ചെറിയതുറ |
| | | കൊച്ചുതോപ്പ് |
| | | വലിയതോപ്പ് |
| കൊല്ലം | പുത്തൻതുറ | പുത്തൻതുറ |
| | | നീണ്ടകര |
| ആലപ്പുഴ | തൃക്കുന്നപ്പുഴ | വലിയഴീക്കൽ |
| | | തറയിൽക്കടവ് |
| | | കള്ളിക്കാട് |
| | ആറാട്ടുപുഴ | ആറാട്ടുപുഴ |
| | | പതിയാങ്കര |
| | | തൃക്കുന്നപ്പുഴ |
| | | പല്ലന |
| എറണാകുളം | ചെല്ലാനം | ചെല്ലാനം |
| | | മാറാവുകാട് |
| | | കണ്ടക്കടവ് |
| | | കണ്ണാമാലി |
| | | ചെറിയകടവ് |
| തൃശ്ശൂർ | കൈപ്പമംഗലം | കൈപ്പമംഗലം |
| | പൊയ്യ | പൊയ്യ |
| | ആനാപ്പുഴ | ആനാപ്പുഴ |
| മലപ്പുറം | താനൂർ | ചീരൻ കടപ്പുറം |
| | | ഇടക്കടപ്പുറം |
| | | ഓസാൻ കടപ്പുറം |
| | | ഇളരൻ കടപ്പുറം |
| | | പാണ്ടക്കടപ്പുറം |
| | | കോർമൻ കടപ്പുറം |
| | | പുതിയ കടപ്പുറം |
| കോഴിക്കോട് | മാറാട് | മാറാട് |
| | | ബേപ്പൂർ |
| കണ്ണൂർ | അഴീക്കോട് | അഴീക്കോട് |
| കാസർഗോഡ് | അജാനൂർ | അജാനൂർ |

മത്സ്യഗ്രാമം പദ്ധതിപ്രകാരം തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ ഭവനനിർമ്മാണം, കുടിവെള്ളം, സാനിട്ടേഷൻ വൈദ്യുതീകരണം, മത്സ്യമേഖല അടിസ്ഥാനസൗകര്യ വികസനം, സാമൂഹ്യ അടിസ്ഥാനസൗകര്യ വികസനം എന്നീ പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്. പ്രസ്തുത പ്രവർത്തനങ്ങൾക്കായി 160 കോടി രൂപ ചെലവഴിക്കുന്നതാണ്.

പദ്ധതിയുടെ ആദ്യഘട്ടത്തിൽ, തെരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിലെ ഓരോ മത്സ്യഗ്രാമങ്ങളിലും പുതിയ ഭവനങ്ങൾ നിർമ്മിയ്ക്കുന്നതിന് 2.5 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നു. മത്സ്യഗ്രാമ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനും പദ്ധതി പ്രവർത്തനങ്ങളുടെ ഏകോപനത്തിനും നിരീക്ഷണത്തിനുമായി ജില്ലാതലത്തിൽ ജില്ലാതല മാനേജ്മെന്റ് കമ്മിറ്റിയും സംസ്ഥാനതലത്തിൽ സംസ്ഥാനതല മാനേജ്മെന്റ് കമ്മിറ്റിയും പ്രവർത്തിക്കുന്നുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ ഗുണഭോക്താക്കളെ എങ്ങനെയാണ് നിശ്ചയിക്കുന്നത്;

(ബി) സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം അപേക്ഷ ക്ഷണിച്ച് തയ്യാറാക്കിയ അർഹതാ ലിസ്റ്റിൽ നിന്നും ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമഫണ്ട് (എൻ.എഫ്.ഡബ്ല്യു.എഫ്) ഉപയോഗിച്ചുള്ള ഭവന പദ്ധതിയുടെ ഗുണഭോക്താക്കളെ ജില്ലാ കളക്ടർ ചെയർമാനായും തീരദേശ മണ്ഡലങ്ങളിലെ എം.എൽ.എ.മാർ അംഗങ്ങളുമായ ജില്ലാ ഗുണഭോക്തൃക്കമ്മിറ്റിയും മാതൃക മത്സ്യഗ്രാമപദ്ധതിയിലെ ഗുണഭോക്താക്കളെ പദ്ധതി പ്രദേശം ഉൾപ്പെടുന്ന മണ്ഡലത്തിലെ എം.എൽ.എ. ചെയർമാനായും ജില്ലാ കളക്ടർ കൺവീന

റുമായ ജില്ലാതല മാനേജ്മെന്റ് കമ്മിറ്റിയും യോഗം ചേർന്നാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്.

(സി) ഗുണഭോക്താക്കളെ നിർണ്ണയിക്കുന്നതിൽ ജനപ്രതിനിധികൾക്ക് ഏന്തെങ്കിലും ചുമതല നിർവ്വഹിക്കാനുണ്ടോ;

(സി) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന മേൽ പറഞ്ഞ കമ്മിറ്റിയിൽ എം.എൽ.എ. മാർ തുടങ്ങിയ ജനപ്രതിനിധികളും ഉൾപ്പെടുന്നുണ്ട്. ജനപ്രതിനിധികൾ ഉൾപ്പെടുന്ന കമ്മിറ്റിയാണ് അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമായി അംഗീകരിക്കുന്നത്.

(ഡി) ഇക്കാര്യത്തിലുള്ള ഹഡ്കോയുടെ ഉത്തരവാദിത്വം കൃത്യമായി നിർവ്വഹിക്കപ്പെടുന്നുണ്ടോ ?

(ഡി) ഹഡ്കോ വായ്പ വാങ്ങി ഭവന നിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതേയുള്ളൂ.

സെക്ഷൻ ഓഫീസർ